കൊച്ചിയിലെ ഇൻഫോ പാർക്കിലെ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

45 (91) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ ഇൻഫോപാർക്കിൽ പുതുതായി പണിയുന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) ഈ പുതിയ കെട്ടിടം പൂർത്തിയായാൽ ഇവിടെ ഏതൊക്കെ പുതിയ സംരംഭങ്ങൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ വർഷം ഇൻഫോപാർക്കിൽ എത്ര പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കൊച്ചി ഇൻഫോപാർക്കിൽ പുതുതായി പണിയുന്ന കെട്ടിട സമുച്ചയത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ, സ്ട്രക്ച്ചറൽ, ഫ്ലൈസിംഗ്, എയർകണ്ടീഷണിംഗ്, ഫയർ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇതിൽ രണ്ട് നിലകൾ ഐ.ടി. കമ്പനികൾക്ക് ഓഫീസുകൾ തുടങ്ങുന്നതിനായി നല്കിയിട്ടുണ്ട്. രണ്ട് ഇൻക്യുബേഷൻ സെന്ററുകൾ ഇതിനകം തന്നെ ഫിറ്റ് ഔട്ട് പൂർത്തീകരിച്ചിട്ടുണ്ട്. ഐ.ടി. കമ്പനിക്കുള്ള ഫിറ്റിംഗ് ഔട്ട് ജോലികളുടെ നിർമ്മാണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാമെന്ന് കരുതുന്നു.

(സി) സോഫ്ട് വെയർ ഡെവലപ്പ്മെന്റ്, ബി.പി.ഒ. സർവ്വീസ്, ടെക്നിക്കൽ സപ്പോർട്ട്, ട്രാൻസാക്ഷൻ പ്രോസസിംഗ്, മറ്റ് ഐ.ടി. അനുബന്ധ സംരംഭങ്ങൾ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഏകദേശം 4,000 ത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൊച്ചി ഇൻഫോ പാർക്കിൽ തൊഴിലവസരങ്ങൾ

46 (92) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി ഇൻഫോ പാർക്കിൽ പുതുതായി നടപ്പാക്കുന്ന പദ്ധതികളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാമെന്നാണ് ഗവൺമെന്റ് കണക്കാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly